## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:966

05.02.2020-ലെ മറുപടി

## ഇടക്കൊച്ചി കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ ഭാഗമായ ഭൂതല ജലസംഭരണിയുടെയും ഉപരിതല ജലസംഭരണിയുടെയും നിർമ്മാണ പ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | ഇടക്കൊച്ചി കുടിവെള്ളപദ്ധതിക്കായി അമൃത് പദ്ധതിയിൽപ്പെടുത്തി 13 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണിയുടെ നിർമ്മാണത്തിനായി 27/05/2019-ൽ കരാർ ഉടമ്പടി വച്ചെങ്കിലും നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 13 ലക്ഷം ലിറ്റർ ഉന്നതതല സംഭരണിയുടെ പ്രവൃത്തി 30/12/2019-ൽ പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കാത്തതിനാൽ 31/10/2020-ൽ പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണിയുടെ നിർമ്മാണ പ്രവൃത്തികൾക്കായി 10/06/2019-ൽ കരാറുകാരന് നിർമ്മാണം നടത്തേണ്ട സ്ഥലം കൈമാറിയിട്ടുള്ളതും നിർമ്മാണ സാമഗ്രികൾ പരിശോധനയ്ക്കായി കൊച്ചിൻ യൂണിവേഴ്സിറ്റി ലാബിലേക്ക് അയച്ചിട്ടുള്ളതുമാണ്. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | 27.05.2019-ൽ കരാർ ഉടമ്പടിവച്ച മേൽ പറഞ്ഞ പ്രവൃത്തിയുടെ കാലാവധി 26.11.2019-ൽ അവസാനിച്ചു. പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനായി പലതവണ കരാറുകാരനെ കത്ത് മുഖേനയും ഫോൺ മുഖേനയും നിരന്തരമായി ബന്ധപ്പെട്ടെങ്കിലും ടിയാൻ പ്രവൃത്തി തുടങ്ങാൻ തയ്യാറായിട്ടില്ല. ടി പ്രവൃത്തി ഈ കരാറുകാരന്റെ ഉത്തരവാദിത്തത്തിലും ചെലവിലും പുനർ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തിയുടെ നിർമ്മാണം ആരംഭിച്ച് 10 മാസത്തിനകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തികളുടെ കരാർ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ഭൂതല ജലസംഭരണി - പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി 26.11.2019-ൽ അവസാനിച്ചു. ഉപരിതലസംഭരണി - പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി 30.12.2019 ൽ അവസാനിച്ചു. |

**സെക്ഷൻ ഓഫീസർ**